**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴി നടപ്പിലാക്കുന്ന റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം വിവിധ ഭാഗങ്ങളിൽ തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സം നീക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കുന്ന 15 റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം തടസ്സപ്പെട്ടിരുന്നു. ടി റെയിൽ ഓവർ ബ്രിഡ്ജുകൾ സിൽവർ ലൈൻ അലൈൻമെന്റ് കടന്നു പോകുന്ന ഭാഗങ്ങളിലായതിനാൽ ജിഎഡി ലഭ്യമാക്കുന്നതിന് KRDCL ന്റെ അനുമതി ലഭ്യമാക്കണമെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത തടസ്സം നീക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസി KRDCL മായി ബന്ധപ്പെടുകയും തുടർന്ന് KRDCL 06.12.2022 ൽ നൽകിയ കത്ത് പ്രകാരം സിൽവർ ലൈൻ പരിഗണിക്കാതെ ജിഎഡി ലഭ്യമാക്കാൻ റെയിൽവേയോട് അഭ്യർത്ഥിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസി ഇക്കാര്യം 08.12.2022 ലെ കത്ത് പ്രകാരം റെയിൽവെയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ റെയിൽ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനു തടസ്സമില്ല. |

സെക്ഷൻ ഓഫീസർ